# മുഹർറം നോമ്പ് ഒരു ഐക്യദാർഢ്യമാണ്

عَنْ ابْنِ عَبَّاس رَضِيَ اللَّهُ عَنْهُمَا قَالَ: قَدِمَ النَبِيُّ ﷺ المَدِينَة، فَرَأَى اليَهُودَ تَصُومُ يَوْمَ عَاشُورَاء، فَقَالَ: مَاهَذَا؟ قَالُو هَذَا يَوْمٌ صَالِحٌ. هَذَا يَوْمُ نَجَّى اللَّهُ بَنِي إِسْرَائِيلَ مِنْ عَدُوِّهِمْ فَصَامَ مُوسَى. قَالَ: أَنَا أَحَقُّ بِمُوسَى مِنْكُمْ. فَصَامَ وَأَمَرَ بِصِيَامِهِ (بُخَارِى , مُسلم)

ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം: "നബി(സ) മദീനയിൽ വന്നു. അപ്പോൾ ജൂതന്മാർ ആശൂറാ ദിവസം (മുഹർറം 10) നോമ്പ് നോൽക്കുന്നത് കണ്ടു. റസൂൽ(സ) ചോദിച്ചു: ഇതെന്തിനാണ്? യഹൂദർ പറഞ്ഞു: ഇത് നല്ലൊരു ദിവസമാണ്. മൂസാ നബിയെയും ഇസ്രാഈല്യരെയും അല്ലാഹു ശത്രുക്കളിൽ നിന്ന് രക്ഷിച്ച ദിനമാണിത്. അങ്ങനെ മൂസാ നബി അന്ന് നോമ്പെടുക്കുകയുണ്ടായി. അപ്പോൾ നബി(സ) പറഞ്ഞു: 'മൂസായോട് നിങ്ങളേക്കാൾ ബന്ധമുള്ളവൻ ഞാനാണ്.' തുടർന്ന് നബി ആ ദിവസത്തിൽ നോമ്പെടുക്കുകയും മറ്റുള്ളവരോട് നോമ്പെടുക്കാൻ കൽപിക്കുകയും ചെയ്തു" (ബുഖാരി, മുസ്‌ലിം).

മുഹർറം പത്തിലെ നോമ്പ് (ആശൂറാഅ്) പ്രബലമായ സുന്നത്താണ്. റസൂൽ(സ) മദീനയിലെത്തിയത് മുതൽ അതനുഷ്ഠിച്ചിരുന്നു. ആശൂറാഅ് നോമ്പിന്റെ പിന്നിലെ ചരിത്രമാണ് ഈ ഹദീസ് വിശദീകരിക്കുന്നത്. മൂസാ നബിക്കും അനുയായികൾക്കുമുള്ള മുഹമ്മദീയ ഉമ്മത്തിന്റെ ഐക്യദാർഢ്യം കൂടിയാണ് മുഹർറം പത്തിലെ നോമ്പ്. ഫറോവയിൽനിന്ന് ചെങ്കടൽ പിളർന്ന് ബനൂ ഇസ്രാഈൽ സമൂഹം രക്ഷപ്പെട്ട ദിനം ഒരു മുഹർറം പത്തായിരുന്നു. അതിന് അല്ലാഹുവിന് നന്ദിയും കടപ്പാടും അറിയിച്ച് മൂസാ(അ) ആ ദിവസം നോമ്പനുഷ്ഠിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ അനുയായികൾ അത് തുടരുകയും ചെയ്തു. മദീനയിലെത്തിയ റസൂൽ(സ) ആ നോമ്പും അതിന് പിന്നിലെ ചരിത്രവും മനസ്സിലാക്കി. മൂസാ ശരീഅത്തിൽ നിന്ന് വഴിതെറ്റിയ ജൂതന്മാരേക്കാൾ മുസ്‌ലിംകൾക്കാണ് ആദർശപരമായി മൂസാനബിയോട് അടുപ്പമുള്ളതെന്ന് പ്രഖ്യാപിക്കാൻ കൂടി ഈ സന്ദർഭം നബി(സ) ഉപയോഗപ്പെടുത്തുകയായിരുന്നു.

റമദാനിലെ നോമ്പ് നിർബന്ധമാകുന്നതിന് മുമ്പായിരുന്നു റസൂലിന്റെ ആശൂറാഅ് നോമ്പ് നോൽക്കാനുള്ള പ്രഖ്യാപനം. അതിനാൽ തന്നെ നിർബന്ധ നോമ്പെന്ന സ്വഭാവത്തിലായിരുന്നു ആദ്യകാലത്ത് ആശൂറാഅ് നോമ്പ് അനുഷ്ഠിച്ചിരുന്നത്. പിന്നീട് റമദാൻ നോമ്പ് നിർബന്ധമാക്കപ്പെട്ടപ്പോഴാണ് ആശൂറാഅ് സുന്നത്തായി പരിഗണിക്കപ്പെട്ടത്. റമദാൻ പ്രഖ്യാപനത്തിനു ശേഷം റസൂൽ(സ) തന്നെ അത് വ്യക്തമാക്കുകയും ചെയ്തു. ആഇശ(റ)യിൽനിന്ന് നിവേദനം: " റമദാൻ നോമ്പ് നിർബന്ധമാക്കപ്പെടുന്നതിന് മുമ്പ് സ്വഹാബികൾ ആശൂറാഅ് നോമ്പ് അനുഷ്ഠിച്ചിരുന്നു. അല്ലാഹു റമദാൻ വ്രതം നിർബന്ധമാക്കിയപ്പോൾ പ്രവാചകൻ പറഞ്ഞു: ആരെങ്കിലും ആശൂറാഅ് നോമ്പ് നോൽക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ നോറ്റുകൊള്ളട്ടെ. ആരെങ്കിലും ഉപേക്ഷിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ ഒഴിവാക്കിക്കൊള്ളട്ടെ" (ബുഖാരി).

ആശൂറാഅ് നോമ്പിന്റെ നിർബന്ധിത സ്വഭാവം ഒഴിവാക്കുക മാത്രമാണ് ഈ നബിവചനം ചെയ്തത്. തുടർന്നും നബി(സ) ജീവിതാന്ത്യം വരെ ആശൂറാഅ് നോമ്പനുഷ്ഠിക്കുകയും ഐഛികമായി അത് തുടരാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. ഹഫ്സ(റ) പ്രസ്താവിക്കുന്നു: "നാലു കാര്യങ്ങൾ നബി(സ) ഉപേക്ഷിക്കാറുണ്ടായിരുന്നില്ല. ആശൂറാഅ് നോമ്പ്, ദുൽഹജ്ജ് ആദ്യ പത്തിലെ നോമ്പ്, ഓരോ മാസത്തിലെയും മൂന്ന് ദിവസത്തെ നോമ്പ്, സുബ്ഹ് നമസ്കാരത്തിന് മുമ്പുള്ള രണ്ട് റക്അത്ത് നമസ്കാരം എന്നിവയാണവ" (അഹ്മദ്, നസാഇ).

മദീനയിലെത്തിയ മുസ്‌ലിം സമൂഹം ഒന്നടങ്കം മുഹർറം 10-ന് നോമ്പനുഷ്ഠിച്ചു തുടങ്ങിയപ്പോൾ അതേ ദിവസം ജൂതന്മാരും നോമ്പനുഷ്ഠിക്കുന്നതിനാൽ സ്വഹാബികൾക്ക് ചില സംശയങ്ങളും അസ്വസ്ഥതകളുമുണ്ടായി. മദീനയിലെ ജൂതസമൂഹം നബിയോടും അനുയായികളോടും ശത്രുത തീവ്രമാക്കിയ റസൂലിന്റെ മദീനാജീവിതത്തിന്റെ അവസാന കാലത്താണ് സ്വഹാബികൾ ഈ അസ്വസ്ഥത പ്രകടിപ്പിച്ചതെന്നാണ് ഹദീസുകളിൽ നിന്ന് മനസ്സിലാവുന്നത്. ജൂതന്മാരെ നമ്മളിങ്ങനെ പിന്തുടരുന്നത് ശത്രുക്കളായ അവരെ അനുകരിക്കുന്നതായി മാറില്ലേ എന്നായിരുന്നു ആ സംശയത്തിന്റെ കാതൽ. അന്നത്തെ സാമൂഹിക സാഹചര്യം തിരിച്ചറിഞ്ഞ് റസൂൽ(സ) ആ വിമർശം ഉൾക്കൊള്ളുകയും ജൂതസമൂഹത്തിൽനിന്ന് വ്യത്യാസപ്പെടാൻ മുഹർറം 10-ന് പുറമെ മുഹർറം ഒമ്പതിനും(താസൂആഅ്) കൂടി നോമ്പനുഷ്ഠിക്കാൻ അനുയായികളോട് ആഹ്വാനം ചെയ്തു. പക്ഷേ, പിറ്റേ വർഷത്തെ മുഹർറം ഒമ്പത് ആകുന്നതിന് മുമ്പേ റസൂൽ(സ) വഫാത്തായി.

താസൂആഅ് (മുഹർറം 9) നോമ്പുമായി ബന്ധപ്പെട്ട ഈ സംഭവങ്ങൾ ഹദീസ് ഗ്രന്ഥങ്ങൾ സവിസ്തരം രേഖപ്പെടുത്തിയിട്ടുണ്ട്. ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം: "നബി(സ) ആശൂറാഅ് ദിവസം നോമ്പനുഷ്ഠിക്കുകയും അന്ന് നോമ്പെടുക്കാൻ കൽപിക്കുകയും ചെയ്തപ്പോൾ 'അല്ലാഹുവിന്റെ ദൂതരേ, ജൂതന്മാരും ക്രിസ്ത്യാനികളും ആദരിക്കുന്ന ദിവസമാണല്ലോ അത്' എന്ന് സ്വഹാബികൾ പറയുകയുണ്ടായി. അപ്പോൾ റസൂൽ(സ) പ്രതിവചിച്ചു: 'അടുത്ത വർഷമായാൽ ഇൻശാ അല്ലാഹ് നാം ഒമ്പതിന് (താസൂആഅ്) നോമ്പനുഷ്ഠിക്കുന്നതാണ്.' പക്ഷേ, അടുത്ത വർഷം വരുന്നതിന് മുമ്പ് തന്നെ നബി(സ) വഫാത്താവുകയാണുണ്ടായത്" (മുസ്‌ലിം, അബൂദാവൂദ്, അഹ്മദ്). ■